വസ്തുവകകൾക്കും നാശനഷ്ടമുണ്ടായി. മർദ്ദനമേറ്റ ശ്രീ. വേണുഗോപാൽ എം.എൽ.എ.യെ ചിലർ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയുണ്ടായി. ഡി.സി.സി. ഓഫീസിൽനിന്നും പുറത്തു പോയവർ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നേരെയും കല്ലെറിഞ്ഞു. അങ്ങനെയും നാശനഷ്ടം വരുത്തി. അതിന് കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പതിമൂന്നോളം പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. അവരെ വിട്ടയയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. എ.കെ. ആന്റണി, ശ്രീ. വയലാർ രവി എന്നിവർ പോലീസ് സ്റ്റേഷനിലെത്തി. അവരുടെ ആവശ്യം നിരാകരിച്ചതിനെത്തുടർന്ന് ഇരുന്നൂറോളം പേർ നാഷണൽ ഹൈവേ പിക്കറ്റുചെയ്ത് തടസ്സം സൃഷ്ടിച്ചു. അവരെ അറസ്റ്റ് ചെയ്ത് നീക്കം ചെയ്ത് കൊല്ലം ഒന്നാം ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരാക്കി. അവിടെ നിന്നും അവർ ജാമ്യത്തിൽ പോയി. ഡി.സി.സി. ഓഫീസ് പരിസരത്തു കിടന്ന വാഹനങ്ങൾക്കു നാശനഷ്ടം വരുത്തി എന്ന ഡി.സി.സി. പ്രസിഡന്റിന്റെ പരാതിയിൻമേൽ ക്രൈം 120/2000 നമ്പരായി ഏതാനും പോലീസ് ഉദ്യോഗസ്ഥർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്ത് കൊല്ലം നാർക്കോട്ടിക് സെൽ ഡി.വൈ.എസ്.പി. അന്വേഷണം നടത്തിവരികയാണ്. കൊല്ലത്തെ എസ്.പി. ഓഫീസ് മാർച്ചിനെത്തുടർന്നുണ്ടായ ലാത്തിച്ചാർജിനെ സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്താൻ സർക്കാർ ഉത്തരവാകുകയും കമ്മീഷനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

VI സബ്മിഷൻ

(1) എടക്കാട് മണ്ഡലത്തിൽ കോയ്യോട് സജീവൻ എന്ന ആളിന്റെ കൊലപാതകം

ശ്രീ. എം. വി. ജയരാജൻ : സർ, ഫെബ്രുവരി മാസം 17-ാം തീയതി രാത്രി കണ്ണൂർ ജില്ലയിൽ എടക്കാട് മണ്ഡലത്തിൽപ്പെടുന്ന ചെമ്പിലോട് പഞ്ചായത്തിലെ സി.പി.ഐ.(എം) ഉദയകലാ സമിതി ബ്രാഞ്ച് അംഗമായിരുന്ന സഖാവ് സജീവനെ ആർ.എസ്.എസ്-ന്റെ ഒരു കൂട്ടം അക്രമികൾ നിഷ്ഠൂരമായി കൊലപ്പെടുത്തുകയും ഡി.വൈ.എഫ്.ഐ. എടക്കാട് ബ്ലോക്കു കമ്മിറ്റി അംഗമായ സഖാവ് മോഹനനേയും സി.പി.ഐ.(എം.)ന്റെ പ്രവർത്തകനായ സഖാവ് പ്രകാശനേയും മാരകമായി പരിക്കേൽപ്പിക്കുകയുമുണ്ടായി. ഈ സംഭവം ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കഴിഞ്ഞ ഡിസംബർ മാസം 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പ്രതിനിധികളും പങ്കെടുത്തുകൊണ്ട് കണ്ണൂരിൽ സമാധാന സമ്മേളനം വിളിച്ചു ചേർക്കുകയുണ്ടായി. അതിനെത്തുടർന്ന് കഴിഞ്ഞ മൂന്നുമാസമായി കണ്ണൂർ ജില്ലയിൽ സമാധാനാന്തരീക്ഷം നിലനിൽക്കുകയാണ്. അത് തകർക്കാൻവേണ്ടിയാണ് ബോധപൂർവ്വം ആസൂത്രണം ചെയ്തിട്ടുള്ള, ആർ.എസ്.എസ്., ബി.ജെ.പി. അക്രമി സംഘത്തിന്റെ കൊലപാതക പരമ്പരയെന്ന് വ്യക്തമായ സൂചനകളുണ്ട്. കഴിഞ്ഞ ജനുവരി മാസം ചെറുകോൽപ്പുഴയിൽ ചേർന്ന ആർ.എസ്.എസ്-ന്റെ സംസ്ഥാന ക്യാമ്പിൽ വച്ച് ഒരു ഗൂഢ പദ്ധതി തയ്യാറാക്കിയിരിക്കുകയാണ്. "ഓപ്പറേഷൻ കണ്ണൂർ" എന്ന പേരിൽ അറിയപ്പെടുന്ന ഈ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയിൻ കീഴിൽ രണ്ടായിരത്തോളം ആയുധപരിശീലനം നേടിയ ആർ.എസ്.എസ്-ന്റെ കാവിസേനക്കാരെ കർസേവകരായി കണ്ണൂരിൽ അയയ്ക്കാനും പുരോഗമന പ്രസ്ഥാനത്തിന്റെ പ്രവർത്തകരെ അക്രമിച്ച് കൊലപ്പെടുത്താനും വേണ്ടിയുള്ള പരിപാടികളാണ് ആർ.എസ്.എസ്-ബി.ജെ.പി. സംഘം ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുള്ളത്. കുണ്ടിൽ രാമുണ്ണിയുടെയും ശാരദയുടെയും ഇളയ മകനാണ് സജീവൻ. ഈ ചെറുപ്പക്കാരന്റെ കൊലപാതകത്തെ തുടർന്ന് ആ കുടുംബം അനാഥമായിരിക്കുകയാണ്. നിർമ്മാണ തൊഴിലിലേർപ്പെട്ട് രോഗം ബാധിച്ച, വൃദ്ധരായ ആ മാതാപിതാക്കളെ സംരക്ഷിക്കുന്ന സജീവനെയാണ് ഈ രീതിയിൽ കശാപ്പുചെയ്തിട്ടുള്ളത്. ആർ.എസ്. എസ്., ബി.ജെ.പി. അക്രമി സംഘത്തെ പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് കോൺഗ്രസ്സുൾപ്പെടെ അപ്പുറത്തിരിക്കുന്നവർ ചെയ്യുന്നത്. ജോജോ എന്നു പേരുള്ള ആർ.എസ്.എസ്-ന്റെ ഒരു ക്രിമിനലാണ് ഈ അക്രമിസംഘത്തിന് നേതൃത്വം കൊടുത്തത്. നാഗ്പ്പൂരിൽനിന്ന് ആയുധപരിശീലനം നേടിയതിനുശേഷമാണ് ഈ ക്രിമിനൽ സംഘത്തിന്റെ നേതാവ് നാട്ടിൽ വിഹരിക്കുന്നത്. ആ മുഖ്യപ്രതി, ജോജോവിന്റെ വീട്ടിൽനിന്ന് തോക്ക്, വടിവാൾ ഇതൊക്കെയാണ് പോലീസ് കണ്ടെടുത്തത്. ആർ.എസ്.എസ്-നെ സഹായിക്കുന്ന ആർ.എസ്.എസ്-നെ പോറ്റി വളർത്തുന്ന കോൺഗ്രസ്സുകാരാണ് ഈ പ്രശ്നമുണ്ടാക്കുന്നത്. യഥാർത്ഥത്തിൽ ആ ജില്ലയിൽ സമീപകാലത്തുണ്ടായിട്ടുള്ള സംഭവങ്ങളുടെയെല്ലാം പിന്നിൽ ഈ ഗൂഢസംഘമാണെന്ന് കാണാൻ കഴിയും. കോയ്യോട് ഒരു പ്രശ്നവുമില്ലാത്ത സ്ഥലമാണ്. ഇപ്പോൾ ആർ.എസ്.എസ്-ന്റെ സംസ്ഥാന നേതൃത്വം തയ്യാറാക്കിയിട്ടുള്ള ഗൂഢപദ്ധതിയനുസരിച്ച് അവിടെ കൊലപാതക പരമ്പരയ്ക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. അവിടത്തെ സമാധാനാന്തരീക്ഷം തകർക്കാൻവേണ്ടി ഇറങ്ങിയിട്ടുള്ള ആർ.എസ്.എസ്-ബി.ജെ.പി. അക്രമി സംഘത്തിനെതിരായി ഒരക്ഷരം ഉരിയാടാൻ പ്രതിപക്ഷനേതാവിന് നാവില്ല. ആർ.എസ്.എസ്-നെ പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് അവർ സ്വീകരിക്കുന്നത്. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്, ഈ ക്രിമിനൽ സംഘത്തിന്റെ പേരിൽ നടപടി സ്വീകരിക്കണമെന്നാണ്. മുഖ്യപ്രതിയായ ജോജോ ആയുധ പരിശീലനം നടത്തുന്ന ഫോട്ടോഗ്രാഫുകളാണിത്. (ഇത് സംബന്ധിച്ച ഫോട്ടോഗ്രാഫുകൾ മെമ്പർ ഉയർത്തിക്കാണിച്ചു) ഈ ആയുധപരിശീലനം നടത്തുന്ന ആർ.എസ്.എസിനെ ന്യായീകരിക്കുന്ന കോൺഗ്രസ് ഇവിടെ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഇത് ഈ നാട്ടിൽ സമാധാനാന്തരീക്ഷം തകർക്കാനുള്ള പരിശ്രമമാണ്. അതുകൊണ്ട് ജില്ലയിൽ സമാധാനം ഉണ്ടാക്കാൻവേണ്ടി ഈ ക്രിമിനൽ സംഘത്തിന്റെ പേരിൽ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, സജീവൻ, പ്രകാശൻ, മോഹനൻ എന്നീ സി.പി.ഐ.(എം.) പ്രവർത്തകർ 17-2-2000-ന് വൈകുന്നേരം കണ്ണൂർ ജില്ലയിലെ ചെമ്പിലോട് പഞ്ചായത്തിൽപ്പെട്ട വെങ്കിലോട്ട് വെയിറ്റിംഗ് ഷെഡ്ഡിൽ ഇരിക്കുകയായിരുന്നു. ബി.ജെ.പി., ആർ.എസ്.എസ്. പ്രവർത്തകരായ ജോജോയും മറ്റ് മൂന്നുപേരും രാത്രി 9.45 മണിയോടുകൂടി വെയിറ്റിംഗ് ഷെഡ്ഡിൽ വരികയും ജോജോ കഠാരികൊണ്ട് സജീവൻ, പ്രകാശൻ, മോഹനൻ എന്നിവരെ

LIBRARY ARCHIVES Kerala Legislative Assembly

കുത്തി പരിക്കേല്പിക്കുകയും ചെയ്തു. കഴുത്തിൽ മാരകമായ കുത്തേറ്റ സജീവൻ ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിക്ക് മരണപ്പെട്ടു. ഗുരുതരമായി പരിക്കുപറ്റിയ മോഹനനും പ്രകാശനും തലശ്ശേരി സഹകരണ ആശുപത്രിയിൽ ചികിത്സയിലാണ്. ഇതുസംബന്ധിച്ച് ക്രൈം 38/2000-ാം നമ്പരായി ചക്കരക്കൽ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. 1999 ഡിസംബർ 6-ന് കണ്ണൂരിൽ നടന്ന സമാധാന സമ്മേളനത്തിനുശേഷം ജില്ലയിൽ പൊതുവേ സമാധാനം നിലനിൽക്കുകയായിരുന്നു. രാഷ്ട്രീയ സംഘർഷങ്ങളൊന്നുമില്ലാത്ത സ്ഥലമാണ് ചെമ്പിലോട്. ഈ സമാധാനാന്തരീക്ഷം തകർക്കുന്ന തരത്തിലുള്ള നടപടിയാണ് ആർ.എസ്.എസ്., ബി.ജെ.പി. പ്രവർത്തകരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഈ കൊലപാതകം. സമാധാനകാംക്ഷികളായവർ ഇതിനെ അപലപിക്കേണ്ടതുണ്ട്. സമാധാനം സംരക്ഷിക്കാനുള്ള ശക്തമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്. കേസന്വേഷണം ഫലപ്രദമായി നടത്തുന്നതിനും പ്രതികളെ പിടികൂടുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിക്കാനും ഡി.ജി.പി.ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (ബഹളം).....

ശ്രീ. കെ. എം. മാണി : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ശ്രീ. വേണുഗോപാലിനെ പോലീസ് മർദ്ദിച്ചതിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാതിരുന്നത് ശരിയാണോ ? ഡി.സി.സി. ഓഫീസിൽ കയറി ശ്രീ. വേണുഗോപാലിനെ മൃഗീയമായി മർദ്ദിച്ചതിനെക്കുറിച്ച് ഇവിടെ ഉന്നയിച്ചു. അത് തെറ്റാണോ ശരിയാണോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയാതിരുന്നത് ഓർഡറിലാണോ ?

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സർ, ഈ സഭയിലെ ഒരംഗമായ ശ്രീ. വേണുഗോപാലിനെ മർദ്ദിച്ച സംഭവത്തെക്കുറിച്ച് അദ്ദേഹം സഭയിൽ ഉന്നയിച്ചിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരക്ഷരം പറഞ്ഞിട്ടില്ല. അത് ശരിയാണോ ? അതിൽ ഒരു ഖേദമെങ്കിലും പ്രകടിപ്പിക്കണ്ടേ ? അതിന് എഴുതി തയ്യാറാക്കിയ മറുപടി പറയുന്നത് ശരിയാണോ ? അങ്ങ് ഇനിയെങ്കിലും ഇത് ആലോചിക്കണം. ഈ സഭയിൽ അങ്ങയുടെ കൊച്ചു മകന്റെ പ്രായമുള്ള ഒരാൾ, അയാൾ അയാൾക്കുണ്ടായ ഒരു അനുഭവം പറയുമ്പോൾ അതിനെക്കുറിച്ച് അങ്ങ് ഒരു പരാമർശമെങ്കിലും നടത്തണ്ടേ ? ഇത് ശരിയാണോ ? ഒരു ഖേദം പ്രകടിപ്പിക്കണ്ടേ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സർ, ഖേദമില്ലാഞ്ഞിട്ടല്ല. അദ്ദേഹത്തിന് മർദ്ദനമേറ്റതിൽ ഖേദമുണ്ട്. അതിൽ ഞാൻ ഖേദിക്കുന്നു.

(2) കുറിച്ചി സചിവോത്തമപുരം കോളനിയിലെ ശ്രീധരൻ എന്ന ആളിന്റെ ആത്മാഹുതി

ശ്രീ. സി. എഫ്. തോമസ് : സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കുറിച്ചി സചിവോത്തമപുരം കോളനിയിൽ 11 കെ.വി. ലൈൻ വലിക്കുന്നതിന് എതിരെയുള്ള സമരത്തിൽ ആത്മഹുതി ചെയ്ത ദളിതനായ ശ്രീധരന്റെ മരണം നമ്മുടെ സംസ്ഥാനത്തെ ജനങ്ങളെയാകെ ഞെട്ടിപ്പിച്ച വേദനയിലാഴ്ത്തിയ സംഭവമായിരുന്നു. വളരെ ഗൗരവമുള്ള ഈ വിഷയം, ശ്രീധരന്റെ മരണത്തിനിടയാക്കിയ സാഹചര്യങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ദയവായി വിശദീകരിക്കണം. ഇതെല്ലാം എന്റെ നിയോജകമണ്ഡലത്തിലാണ്. നമുക്ക് ഒരുമിച്ച് അവിടെ

LIBRARY ARCHIVES Kerala Legislative Assembly